# കോളേജ് വിദ്യാഭ്യാസ വകുപ്പ്
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – അറ്റൻഡർമാർക്ക് സ്ഥലംമാറ്റവും അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിലേയ്ക്ക് മടങ്ങി വരുന്ന അറ്റൻഡർക്ക് നിയമനവും നൽകി ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ സി 6/28763/2014/കോ.വി.വ തീയതി 08.01.2015.

---

പരാമർശം: 1) അറ്റൻഡർമാരുടെ അപേക്ഷകൾ.
2) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്, അസിസ്റ്റന്റ് മാനേജരുടെ 29.12.2014 ലെ KSBC/AS6/6285/2014 നമ്പർ കത്ത്.

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ താഴെ പറയുന്ന അറ്റൻഡർമാരെ അവരുടെ അപേക്ഷ പരിഗണിച്ച് അവരുടെ പേരിനു നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലംമാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1. | ശ്രീമതി.കെ.കൃഷ്ണകുമാരി<br>ഗവ. കോളേജ്, ചിറ്റൂർ<br>(അപേക്ഷ) | പാലക്കാട്, ഗവ. വിക്ടോറിയ കോളേജിൽ ശ്രീ.എം.എം.കൃഷ്ണദാസ് വിരമിച്ച ഒഴിവിൽ |
| 2. | ശ്രീ.എൻ.വി.മുരളീധരൻ<br>ഗവ. കോളേജ്, ചിറ്റൂർ<br>(അപേക്ഷ) | പാലക്കാട്, ഗവ. വിക്ടോറിയ കോളേജിൽ ശ്രീ.കെ.നാരായണൻകുട്ടി വിരമിച്ച ഒഴിവിൽ |
| 3. | ശ്രീ.എ.ജയകുമാർ<br>സർക്കാർ വനിതാ കോളേജ്,<br>തിരുവനന്തപുരം (അപേക്ഷ) | ചിറ്റൂർ, ഗവ. കോളേജിൽ ശ്രീമതി.കെ.കൃഷ്ണകുമാരിക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ |
| 4. | ശ്രീ.എൻ.അജികുമാർ<br>ഗവ. കോളേജ്, തൃത്താല | തിരുവനന്തപുരം, സർക്കാർ വനിതാ കോളേജിൽ ശ്രീ.എ.ജയകുമാറിന് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ |
| 5. | ശ്രീ.ആർ.സിബു<br>ഗവ. കോളേജ്, കാര്യവട്ടം<br>(അപേക്ഷ) | തിരുവനന്തപുരം, ഗവ. ആർട്സ് കോളേജിൽ ശ്രീ.ജി.രാധാകൃഷ്ണൻ വിരമിച്ച ഒഴിവിൽ |
| 6. | ശ്രീ.ബി.വിനോദ്<br>ഗവ. കോളേജ്, ചേലക്കര | കാര്യവട്ടം ഗവ. കോളേജിൽ ശ്രീ.ആർ.സിബുവിന് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ |

ബിവറേജസ് കോർപ്പറേഷനിലെ അന്യത്ര സേവനകാലാവധി 10.01.2015 ന് അവസാനിക്കുകയാണെന്നും മാതൃവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം അറ്റൻഡർ ശ്രീ.ദീപു ശശിധരൻ അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ അന്യത്ര സേവനത്തിൽ തുടരുന്ന അറ്റൻഡർ ശ്രീ.ദീപു ശശിധരനെ 09.01.2015 ന് അന്യത്ര സേവനകാലാവധി അവസാനിക്കുന്ന മുറയ്ക്ക് മാതൃവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് തൃശൂർ ഗവൺമെന്റ് ലോ കോളേജിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

സ്ഥലംമാറ്റം ലഭ്യമായ ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും 10 ദിവസത്തിനകം വിടുതൽ വാങ്ങി ഈ ഉത്തരവ് പ്രകാരം നിയമിക്കുന്ന സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതും പ്രസ്തുത വിവരം ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
പി. ജയരാജ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്

1) ഉത്തരവിൽ പേരുള്ള വ്യക്തികൾക്ക്
2) പ്രിൻസിപ്പാൾ, ഗവ.വിക്ടോറിയ കോളേജ്, പാലക്കാട്
3) പ്രിൻസിപ്പാൾ, ഗവ. കോളേജ്, ചിറ്റൂർ
4) പ്രിൻസിപ്പാൾ സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം
5) പ്രിൻസിപ്പാൾ, ഗവ. കോളേജ്, തൃത്താല
6) പ്രിൻസിപ്പാൾ, ഗവ. കോളേജ്, കാര്യവട്ടം
7) പ്രിൻസിപ്പാൾ, ഗവ. ആർട്സ് കോളേജ്, തിരുവനന്തപുരം
8) പ്രിൻസിപ്പാൾ, ഗവ. കോളേജ്, ചേലക്കര
9) പ്രിൻസിപ്പാൾ, ഗവ. ലോ കോളേജ്, തൃശൂർ
10) ജനറൽ മാനേജർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്
    പി.ബി. നമ്പർ 2263, ശാസ്താ കൃപ ഓഫീസ് കോംപ്ലക്സ്
    ശാസ്തമംഗലം, തിരുവനന്തപുരം.
11) കരുതൽ ഫയൽ / നടപ്പ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്